# മഴക്കാല രോഗങ്ങളും ജനപങ്കാളിത്തവും

<u>പ്രഭാഷണം</u>

**സമീന.റ്റി.**



വേനൽക്കാലത്തിന്റെ ബുദ്ധിമുട്ടുകളിൽ നിന്ന് മഴക്കാലത്തിന്റെ ആരവങ്ങളിലേക്കെത്തുമ്പോൾ മഴയോടൊപ്പം പലവിധ രോഗങ്ങളും നമ്മുടെ നാട്ടിലേക്ക് എത്തിയിരിക്കുകയാണ്. ഡെങ്കിപ്പനി, ചിക്കുൻഗുനിയ, മലമ്പനി, വയറിളക്ക രോഗങ്ങൾ, എലിപ്പനി എന്നീ പേരികളിട്ട് നാം വിളിക്കുന്ന ഈ രോഗങ്ങൾ ഇന്ന് നമ്മുടെ സഹോദരങ്ങളുടെ ജീവനെടുക്കുന്നതിന്റെ കണക്കുകളാണ് നാം ദിവസവും കേട്ടുകൊണ്ടിരിക്കുന്നത്.

കേരളത്തിൽ ദിവസേന ആശുപത്രികളിൽ പുതിയ പനി വാർഡുകൾ തുറന്ന് അവിടേയ്ക്ക് ആളുകൾ എത്തുന്നത് സ്ഥിരം കാഴ്ചയാവുകയാണ്. ഇതിന് പ്രതിവിധിയെന്നോണം നമുക്ക് ഓരോരുത്തർക്കും എന്ത് ചെയ്യാനാകും? ഓരോ രോഗങ്ങളും നമ്മെ ആശുപത്രിക്കിടക്കയിലാക്കുകയും ഞെട്ടിക്കുന്ന മരണ റിപ്പോർട്ടുകൾ പുറത്തു വരികയും ചെയ്യുമ്പോൾ ഇവയെ നിയന്ത്രിക്കാൻ നാം എന്താണ് ചെയ്യേണ്ടത്?

ഇതിന് പ്രതിവിധിയായി ഈ രോഗങ്ങളെയെല്ലാം വരുതിയിലാക്കുവാൻ ജനങ്ങളുടെ കൂട്ടായ പ്രവർത്തനം അത്യാവശ്യമാണ്. അതിനായി ആദ്യം നമുക്ക് ആ രോഗങ്ങൾ ഏതൊക്കെയാണെന്ന് നോക്കാം?

കൊതുകുജന്യരോഗങ്ങളും എലിപ്പനിയും വയറിളക്ക രോഗങ്ങളുമാണ് പ്രധാനപ്പെട്ട മഴക്കാല രോഗങ്ങൾ. ഡെങ്കിപ്പനി, ചിക്കുൻഗുനിയ തുടങ്ങിയവയാണ് പ്രധാന കൊതുകുജന്യ രോഗങ്ങൾ. ലോകം പുരോഗതി പ്രാപിക്കുന്നതിനനുസരിച്ച് മനുഷ്യന്റെ പ്രകൃതിയോടുള്ള സമീപനത്തിലും മാറ്റം വന്നിരിക്കുകയാണ്. സമയക്കുറവിന്റെ പേരും പറഞ്ഞ് പരിസരം വൃത്തിയാക്കുന്നതിൽ അലംഭാവം കാണിക്കരുത്. ഉപയോഗശൂന്യമായ വസ്തുക്കൾ വീടിന്റെ പരിസരത്ത് വലിച്ചെറിയുന്നത് ഇന്ന് ഒരു പൊതുസ്വഭാവമായി മാറിയിരിക്കുകയാണ്. അങ്ങനെ വലിച്ചെറിയപ്പെട്ട സാധനങ്ങളിൽ മഴക്കാലത്ത് ചെറിയ അളവിൽ തങ്ങിനിൽക്കുന്ന ശുദ്ധജലത്തിൽ പോലും മുട്ടയിട്ട് പെരുകുന്ന ഈഡിസ് കൊതുകുകൾ പകൽ സമയത്ത് മനുഷ്യനെ കടിക്കുന്നു. രോഗവാഹകരായ കൊതുകിന്റെ കടിയിലൂടെയാണ് രോഗം പകരുന്നത്. പനി, ശരീരവേദന, കണ്ണിന് പുറകിൽ വേദന, ക്ഷീണം, തുടങ്ങിയവയാണ് ഡെങ്കിപ്പനിയുടെ ലക്ഷണങ്ങൾ. കറുപ്പിൽ വെളുത്ത പുള്ളികളുള്ള ഈഡിസ് കൊതുകുകളെ ടൈഗർ കൊതുകുകൾ എന്നും അറിയപ്പെടുന്നു. ഈഡിസ് കൊതുകുകൾ തന്നെയാണ് ചിക്കുൻ ഗുനിയ രോഗവും പകർത്തുന്നത്. പനിയും അസഹ്യമായ സന്ധിവേദനയുമാണ് ലക്ഷണങ്ങൾ.

മഴക്കാലത്ത് കൊതുകുജന്യരോഗങ്ങളായ മലമ്പനിയും ജപ്പാൻ ജ്വരവും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.

കൊതുകുജന്യ രോഗങ്ങളെപ്പോലെതന്നെ മഴക്കാലത്ത് എലിപ്പനിയും കണ്ടുവരുന്നു. കരണ്ട് തിന്നുന്ന ജീവികളിലും വളർത്തുമൃഗങ്ങളിലും രോഗാണുക്കൾ കാണപ്പെടുന്നു. പ്രധാനമായും എലികളിൽ കാണപ്പെടുന്ന ബാക്ടീരിയ, അവയുടെ മൂത്രത്തിലൂടെ, ജലത്തിൽ കലരുകയും, കൃഷി പ്പണിയിലും തൊഴിലുറപ്പിലും മറ്റും ഏർപ്പെട്ടിരിക്കുന്നവരുടെ ശരീരത്തിലെ മുറിവുകളിലൂടെയും, മൂക്ക്, വായ, കണ്ണ് എന്നിവയിലൂടെയും, ശരീരത്തിനുള്ളിൽ കടക്കുകയും രോഗാണുബാധ ഉണ്ടാക്കുകയും ചെയ്യുന്നു. പനിയും തലയുടെ മുൻഭാഗത്ത് വേദനയും, മൂത്രത്തിന്റെ അളവിൽ കുറവും, രോഗം പിടിപെടുമ്പോൾ ഉണ്ടാകുന്നു. കൂടാതെ രോഗം മൂർഛിക്കുകയാണെങ്കിൽ അത് മഞ്ഞപ്പിത്തത്തിലേയ്ക്കും പിന്നീട് മരണത്തിലേക്കും നയിക്കുന്നു.

അടുത്തതായി മഴക്കാലരോഗങ്ങളിൽ മുഖ്യപങ്ക് വഹിക്കുന്നത് വയറിളക്ക രോഗങ്ങളാണ്. അഞ്ചു വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങളെ പ്രധാനമായും ബാധിക്കുന്ന ഈ രോഗത്തെ, വേണ്ട വിധത്തിൽ ചികിത്സിച്ചില്ലെങ്കിൽ, നിർജലീകരണം ഉണ്ടാവുകയും മരണത്തിൽ കലാശിക്കുകയും ചെയ്യും. മലിനമായ വെള്ളത്തിൽക്കൂടിയും ഭക്ഷണത്തിൽക്കൂടിയുമാണ് ഇത് പകരുന്നത്. ധാരാളം മനുഷ്യജീവനെടുത്ത കോളറയും ഈ ശ്രേണിയിൽ വരുന്ന ഒരു മാരക രോഗമാണ്. ടൈഫോയ്ഡ്, മഞ്ഞപ്പിത്തം എ, ഇ. തുടങ്ങിയവയാണ് മറ്റു മാരകരോഗങ്ങൾ

മഴക്കാല രോഗങ്ങളെ എല്ലാംതന്നെ വ്യക്തി-പരിസര-ഭക്ഷണ ശുചിത്വത്തിലൂടെ തടയാം. മഴക്കാല പൂർവശുചീകരണം ഇതിന് സഹായിക്കുന്നു. പരസ്പരം പഴിചാരുമ്പോൾ അവനവനാൽ കഴിയുംവിധം പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി ഈ മഹാവിപത്തിനെ ഒഴിവാക്കുവാൻ സാധിക്കുമെന്ന് ആരും ഓർക്കുന്നില്ല. മുകളിൽ പറഞ്ഞ രോഗങ്ങളെയെല്ലാം ഇതുപോലെ തന്നെ തടയാവുന്നതാണ്.

കൊതുകുജന്യരോഗങ്ങളെല്ലാം തന്നെ പരിസരശുചിത്വത്തിൽ നാം കാട്ടുന്ന അശ്രദ്ധയും അലംഭാവവും കൊണ്ടുണ്ടാകുന്നതാണ്. അതുകൊണ്ട് വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുക; മുട്ടത്തോടുകൾ, ടിന്നുകൾ, പ്ലാസ്റ്റിക് കവറുകൾ, കുപ്പിയുടെ അടപ്പുകൾ, ടയറുകൾ, വാഴയില തുടങ്ങിയവയിൽ വെള്ളം കെട്ടിനിൽക്കാതെ ശ്രദ്ധിക്കുക; മരപ്പൊത്തുകൾ മണ്ണിട്ടുമൂടുക; ടെറസിൽ വെള്ളം കെട്ടി നൽക്കാനുള്ള സാധ്യത ഇല്ലാതാക്കുക; ചെടിച്ചട്ടികളിലോ അത് വെച്ചിരിക്കുന്ന ട്രേകളിലോ, റബ്ബർതോട്ടങ്ങളിൽ പാൽ ശേഖരിക്കാൻ ഉപയോഗിക്കുന്ന ചിരട്ടകളിലോ, ഫ്രിഡ്ജിനു പിറകിലെ ട്രേയിലോ, ഉപയോഗശൂന്യമായ പാത്രങ്ങളിലോ വെള്ളം തങ്ങിനിൽക്കുന്നുണ്ടെങ്കിൽ ആഴ്ചയിലൊരിക്കൽ അത് നീക്കം ചെയ്ത് ഡ്രൈഡേ അഥവാ ഉണക്കുദിനം ആചരിച്ച് കൊതുകിന്റെ ഉറവിടങ്ങൾ ഇല്ലാതാക്കുക; കൊതുകുകടി ഏൽക്കാതിരിക്കാൻ കൊതുവല ഉപയോഗിക്കുക, ലേപനം പുരട്ടുക തുടങ്ങിയ വ്യക്തിഗത മാർഗങ്ങൾ സ്വീകരിക്കുക.

എലിപ്പനി പ്രാരംഭദശയിൽ കണ്ടെത്താൻ സാധിച്ചാൽ ചികിത്സിച്ചു ഭേദമാക്കാവുന്ന ഒന്നാണ്. മുറിവുകളുണ്ടെങ്കിൽ കഴിവതും മലിനജലത്തിൽ ജോലി ചെയ്യാതിരിക്കുക; അഥവാ ചെയ്യുന്നുവെങ്കിൽ മുറിവ് മലിനജലവുമായി സമ്പർക്കത്തിൽ ഏർപ്പെടാത്തവിധം കെട്ടിവെയ്ക്കുക. പ്രതിരോധത്തിനായി ഡോക്സി സൈക്ലിൻ ഗുളിക ഡോക്ടറുടെ നിർദ്ദേശപ്രകാരം കഴിക്കുക. കരണ്ടുതിന്നുന്ന ജീവികളെ ആകർഷിക്കുന്ന തരത്തിൽ ഭക്ഷണാവശിഷ്ടങ്ങൾ വലിച്ചെറിയാതിരിക്കുക. മൃഗങ്ങളുമായി സമ്പർക്കത്തിലേർപ്പെടുന്നവരും മലിനജലത്തിൽ ജോലി ചെയ്യുന്നവരും മുൻകരുതലായി കൈയ്യുറകളും കാലുറകളും ധരിയ്ക്കുക.

വയറിളക്ക രോഗങ്ങൾ ഒഴിവാക്കാൻ നന്നായി തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കുക, തുറന്നു വച്ചിരുന്ന ഭക്ഷണ സാധനങ്ങൾ കഴിക്കാതിരിക്കുക. ഭക്ഷണ സാധനങ്ങൾ ഈച്ച വരാതെ അടച്ച് സൂക്ഷിക്കുക. വയറിളക്ക രോഗങ്ങൾ ഉണ്ടാവുകയാണെങ്കിൽ വീട്ടിൽ ലഭ്യമായ ഉപ്പിട്ട കഞ്ഞി വെള്ളം, ഉപ്പിട്ട മോരിൻ വെള്ളം, ഉപ്പും പഞ്ചസാരയും ചേർത്ത നാരങ്ങാ വെള്ളം, കരിക്കിൻ വെള്ളം എന്നിവ രോഗിയ്ക്കു നൽകുക. ഒ.ആർ.എസ്. (ORS) ലായനി തയ്യാറാക്കി രോഗിക്ക് നൽകുക. ഒ.ആർ.എസ്. നൽകുന്നതാണ് ഏറ്റവും ഉത്തമം. എന്നിട്ടും കുറവില്ലെങ്കിൽ ഡോക്ടറുടെ സഹായം തേടുക. ഈ പാനീയങ്ങൾ കൊടുക്കുമ്പോൾ രോഗം കൂടുമെന്ന് കരുതി വെള്ളം കൊടുക്കാതിരിക്കരുത്, ഇത് നിർജലീകരണത്തിലേക്കും പിന്നീട് മരണത്തിലേക്കും നയിക്കാം.

വ്യക്തി-പരിസര ശുചിത്വം പാലിക്കുക എന്നത് ഉത്തരവാദിത്വബോധമുള്ള ഓരോ പൗരന്റേയും കടമയാണ്. അതിനാൽ നമുക്ക് ഒറ്റക്കെട്ടായി ഈ മരണം വിതയ്ക്കുന്ന മഹാവ്യാധികൾക്കെതിരെ പോരാടാം.

**ആരോഗ്യമുള്ള സമൂഹം;**
**നാടിന്റെ നന്മയ്ക്ക്.**

* * * *

# മഴക്കാല രോഗങ്ങൾ

## ഗാനം



*രചന, സാക്ഷാത്ക്കാരം :*

**ദേവിക മുരളി. ആർ**
**ആൻസി സഹർ**
**റഹീല ബീഗം**
**അരുണ്യ രാമചന്ദ്രൻ**
**ജസ്ന. എസ്**
**മുന മനാഫ്**
**ആശ. എസ്**

അയ്യോ കഷ്ടം മാമലനാട്ടിൽ
ചവറിൻ കൂനകളെങ്ങെങ്ങും
വീടും തൊടിയും വെള്ളം കെട്ടി
കൊതുകിൻ ഉറവിടമായല്ലോ....

ഈ കുഞ്ഞൻ കൊതുകോ പലവിധ
മാരക രോഗങ്ങൾ പരത്തുന്നു
ഡെങ്കിപ്പനിയും ചിക്കുൻഗുനിയേം
അങ്ങനെ പനികൾ നിരവധിയോ ....

ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആക്കൂ
ഈ രോഗങ്ങൾ തടഞ്ഞീടാം
ചുറ്റും കാണും തൊണ്ട്, ചിരട്ടകൾ,
കുപ്പികൾ, മുട്ടത്തോടുകൾ

എല്ലാം മാറ്റൂ ശരിയാംവണ്ണം
പകർച്ചവ്യാധികൾ തടയാനായ്
കുളത്തിൽ, കിണറിൽ വളർത്തൂ
ഗപ്പി, ഗംബൂസിയ മീനുകളെ

അങ്ങനെ തടയൂ കൂത്താടികളെയും
കൊതുകു പരത്തും രോഗങ്ങളേയും
പരിസര ശുചിത്വം മാർഗ്ഗമാക്കി
നമ്മുടെ ആരോഗ്യം നിലനിർത്താം

ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആക്കൂ
പകർച്ചവ്യാധികൾ തടയാനായ്
പരിസര ശുചിത്വം മാർഗ്ഗമാക്കി
നമ്മുടെ ആരോഗ്യം നിലനിർത്താം.



* * * *

<u>നോട്ടീസ്</u>

## കൊതുകിന്റെ ഉറവിട നശീകരണം നമ്മുടെ ഉത്തരവാദിത്വം



ഓർക്കുക .....

- ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആചരിക്കുക.
- വെള്ളം താത്ക്കാലികമായി കെട്ടി നിൽക്കാൻ സാധ്യതയുള്ള സാഹചര്യങ്ങൾ (പ്ലാസ്റ്റിക് കവറുകൾ, കുപ്പിയുടെ അടപ്പുകൾ, ടയറുകൾ, ടിന്നുകൾ തുടങ്ങിയവ) ഒഴിവാക്കുക.
- ഉപയോഗശൂന്യമായ ജലാശയങ്ങളിൽ മീനുകളെ വളർത്തുക.
- പരിസരം വൃത്തിയായി സൂക്ഷിക്കുക; കൊതുകുജന്യ രോഗങ്ങളെ തടയുക

(കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ കീഴിൽ വരുന്ന പ്രദേശങ്ങളിലെ സ്കൂളുകളിൽ മഴക്കാല രോഗനിയന്ത്രണ പ്രചരണ പരിപാടികളുടെ ഭാഗമായി 'മഴക്കാല രോഗങ്ങൾ' എന്ന ഗാനം ആലപിച്ചശേഷം വിദ്യാർത്ഥികൾ വിതരണം ചെയ്ത നോട്ടീസ്)

* * * *

# “മാലിന്യം ഒരു വിപത്തോ?”

## ലഘുനാടകം

**രചന, സാക്ഷാത്ക്കാരം :**

രഷ്മിത. ആർ
സമീന. റ്റി
അമൃത. എസ്. വിജയൻ
രമ്യാ ഭാസ്ക്കരൻ
ലിജി.എസ്.എം
അശ്വതി.കെ.എസ്
അരുണ്യാ രാമചന്ദ്രൻ
ഷിജിന. എസ്



സംസ്കാരത്തിന്റെയും വികസനത്തിന്റെയും പടവുകൾകീഴടക്കിക്കൊണ്ടിരിക്കുന്ന നാടാണല്ലോ നമ്മുടേത്. എന്നാൽ ഇന്ന് നമ്മുടെ നഗരങ്ങൾ പത്രമാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്നത് എന്തിന്റെ പേരിലാണ്? പരിസര ശുചിത്വത്തിന്റെ കാര്യത്തിൽ പിന്നോക്കം പോകുന്നത് പരിതാപകരമാണ്. മാലിന്യ നിർമാർജനത്തിന്റെ പേരിൽ ഭരണസിരാകേന്ദ്രങ്ങൾ പരസ്പരം കൊമ്പുകോർക്കുമ്പോൾ ശാസ്ത്രീയമായി വളരെ ലളിതവും ലാഭകരവുമായി മാലിന്യനിർമ്മാർജ്ജനം സാധ്യമാക്കുന്ന ഒരു പ്രദേശത്തേക്ക് നമുക്ക് കടന്നു ചെല്ലാം.

മാലിന്യ നിർമ്മാർജ്ജനത്തിന് മാർഗദീപമായി ഞങ്ങൾ അവതരിപ്പിക്കുന്നു. **‘മാലിന്യം ഒരു വിപത്തോ’?**

**സീൻ – 1**

**സുപ്രഭാതം (കൗസല്യ....)**

പൂമുഖത്ത് പത്രം വായിച്ചുകൊണ്ടിരിക്കുന്ന പെൺകുട്ടി. തലേദിവസത്തെ പച്ചക്കറി, മീൻ അവശിഷ്ടങ്ങൾ പ്ലാസ്റ്റിക് കവറിലാക്കി വീടിന്റെ വെളിയിൽ റോഡരികത്ത് മാധവിയുടെ ഗേറ്റിനു മുൻപിൽ കൊണ്ട് വയ്ക്കുന്ന അയൽക്കാരി രാധ. കുറച്ചു സമയത്തിനുശേഷം മുറ്റമടിയ്ക്കാൻ വന്ന വീട്ടുകാരി മാധവി റോഡരികിൽ നിന്ന് എന്തോ ദുർഗന്ധം വമിച്ചതിനെത്തുടർന്ന് ആ സ്ഥലത്തേക്ക് ചെല്ലുകയും അവിടെ കിടന്ന പ്ലാസ്റ്റിക് പൊതി സംശയത്തോടെ എടുത്തു നോക്കുകയും ചെയ്യുന്നു. അതിൽ നിറയെ അടുക്കള മാലിന്യങ്ങൾ. മാധവി ചുറ്റും നോക്കിയിട്ട്,

മാധവി : (ആത്മഗതം) ആരാണാവോ കണികാണാൻ ഇത് ഇവിടെ കൊണ്ടു വച്ചത്?

മകൾ : എന്താ അമ്മേ രാവിലെ പിറുപിറുക്കുന്നത്.

മാധവി : ദേ കണ്ടില്ലേ.... (ചവർ ചൂണ്ടിക്കാണിക്കുന്നു)

മകൾ : ഓ! ഇതായിരിക്കും അപ്പുറത്തെ രാധചേച്ചി പാത്തും പതുങ്ങിയും ഇവിടെ നിൽക്കുന്നത് കണ്ടത്.

മാധവി : ഓ! എങ്കിലിന്ന് അവളോട് ചോദിച്ചിട്ട് തന്നെ ബാക്കി കാര്യം?

(ചവറുമായി മാധവി രാധയുടെ വീട്ടിലേക്ക്)

മാധവി : രാധേ.... എടീ രാധേ ....

രാധ : ആരാ ഈ രാവിലെ ഒച്ച വയ്ക്കന്നത് (പുറത്തേക്ക് വരുന്നു, ചവറുമായി നിൽക്കുന്ന മാധവിയെ കാണുന്നു)

ആരിത് ചേച്ചിയോ? കൈയിലെന്താ ഒരു പൊതിയൊക്കെ?

മാധവി : അത് തന്നെയാടീ എനിയ്ക്കും അറിയേണ്ടത്?

രാധ : അതെന്താ ചേച്ചി അങ്ങനെ പറയുന്നത്?

മാധവി : നീയല്ലേ പാത്തും പതുങ്ങിയും ഇത് എന്റെ ഗേറ്റിന് മുന്നിൽ കൊണ്ടു വന്നു വച്ചത്?

രാധ : നിങ്ങൾ കണ്ടോ ഞാൻ കൊണ്ടുവച്ചത്?

മകൾ : ഞാൻ കണ്ടതാണല്ലോ ചേച്ചി കൊണ്ടുവന്ന് വയ്ക്കുന്നത്?

രാധ : ഞാൻ റോഡരികിലല്ലേ വച്ചത്. അല്ലാതെ നിങ്ങളുടെ വീട്ടുമുറ്റത്തൊന്നുമല്ലല്ലോ?

മാധവി : എങ്കിലിത് നിന്റെ വീട്ടുമുറ്റത്ത് ഇട്ടുകൂടായിരുന്നോ?

രാധ : പൊതുവഴി നിങ്ങളുടെ സ്വകാര്യസ്വത്തൊന്നുമല്ലല്ലോ?

മാധവി : എന്നാലിത് ഇവിടെ കിടക്കട്ടെ.



(മാലിന്യം നിറച്ച കവർ അവിടെ ഇടാനൊരുങ്ങുന്ന മാധവിയെ രാധ തടയുന്നു. അവർ തമ്മിൽ ഉന്തും തള്ളും ഉണ്ടാകുന്നു)

രാധ : ദേ കണ്ടോ, നിങ്ങളുടെ സംസാരം കേട്ട് നാട്ടുകാരെല്ലാം ഓടിക്കൂടുന്നു.

മാധവി : കേൾക്കട്ടെടി എല്ലാവരും കേൾക്കട്ടെ. നിന്റെ തനി സ്വഭാവം എല്ലാവരും അറിയട്ടെ.

അയൽവാസി : ദേ നമ്മുടെ ജെ.എച്ച്.ഐ. വരുന്നു.

JHI : എന്താ! എന്താ ഇവിടൊരു ആൾക്കൂട്ടം?

മാധവി : സാർ തന്നെ പറ. ഇവള് ഈ കാണിച്ചത് ശരിയാണോ?

(മാധവി കാര്യങ്ങൾ വിശദീകരിയ്ക്കുന്നു)

രാധ : മാലിന്യം റോഡരികിൽ നിക്ഷേപിക്കുന്നതിന് എന്താ സാറേ കൊഴപ്പം? ആർക്കും ഒരു ഉപദ്രവവുമില്ലല്ലോ?



JHI : ഇത് നിങ്ങളുടെ തെറ്റിദ്ധാരണ മാത്രമാണ്. മാലിന്യം റോഡരികിൽ തള്ളുന്നത് കുറ്റകരമാണ്.

അയൽവാസി : അതെന്താ സാർ അങ്ങനെ?

JHI : റോഡരികിൽ തള്ളുന്ന മാലിന്യം ഈച്ച, എലി എന്നിവ പെരുകാൻ കാരണമാകുന്നു. ഇത് പലവിധ സാംക്രമിക രോഗങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നു. കൂടാതെ മഴവെള്ളത്തോടൊപ്പം ചേർന്ന് ജലമലിനീകരണത്തിനും കാരണമാകുന്നു.

രാധ : പിന്നെ ഈ നശിച്ച മാലിന്യങ്ങൾ ഞങ്ങൾ എന്താണ് ചെയ്യേണ്ടത്?

JHI : നിങ്ങൾ ശാപമെന്ന് കരുതുന്ന ഈ മാലിന്യത്തിൽ നിന്ന് നിങ്ങൾക്ക് ഉപയോഗപ്രദമായ പല ഉത്പന്നങ്ങളും നിർമ്മിക്കുവാൻ കഴിയും.

അയൽവാസി : അതൊക്കെ എങ്ങനെ കഴിയും സാർ? ഒന്നു വിശദീകരിക്കാമോ?

JHI : കമ്പോസ്റ്റ്, മണ്ണിരകമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ് എന്നീ മാർഗ്ഗങ്ങളിലൂടെ ഈ മാലിന്യങ്ങളെ കൃഷിയ്ക്ക് യോഗ്യമായ വളമാക്കി മാറ്റാൻ സാധിയ്ക്കും.

മാധവി : വളരെ കുറച്ച് സ്ഥലം മാത്രമുള്ള ഞങ്ങൾക്ക് ഇതിൽ ഏതാണ് അനുയോജ്യമായത്?

JHI : സ്ഥലം കുറവായതിനാൽ നിങ്ങൾക്ക് പൈപ്പ് കമ്പോസ്റ്റിങ് ആണ് നല്ലത്. റെസിഡൻസ് അസ്സോസിയേഷനും മറ്റും ഇത് സൗജന്യമായി നൽകുന്നുണ്ട് വായ് വശം സുഷിരങ്ങളുള്ള അടപ്പ്കൊണ്ട് അടയ്ക്കാവുന്ന തരത്തിൽ രണ്ട് പൈപ്പുകളെടുക്കുക. അതിൽ ഒന്നിലേക്ക് മാലിന്യം നിക്ഷേപിക്കുക. അത് നിറയുമ്പോൾ രണ്ടാമത്തെ പൈപ്പിൽ മാലിന്യം നിക്ഷേപിക്കുക. വായു സമ്പർക്കത്തിനുവേണ്ടി ഈ പൈപ്പിനെ തിരിച്ചും മറിച്ചും വയ്ക്കുക. 4 മുതൽ 6 മാസം കഴിയുമ്പോഴേക്കും ആദ്യത്തെ പൈപ്പിൽ നിന്ന് വളം എടുക്കാവുന്നതാണ്.

മാധവി : അതുകൊള്ളാമല്ലോ!

JHI : മാത്രവുമല്ല ഇന്ന് വർധിച്ചുവരുന്ന പാചകവാതക ക്ഷാമത്തിന് പരിഹാരമായി മാലിന്യങ്ങളെ ഉപയോഗിയ്ക്കാൻ സാധിക്കും.

രാധ : അതെങ്ങനെയാണ്. ഒന്ന് വിശദീകരിയ്ക്കാമോ?

JHI : നാലോ അഞ്ചോ അംഗങ്ങളുള്ള ഒരു കുടുംബത്തിന് 1/2 ക്യുബിക് മീറ്റർ ശേഷിയുള്ള ഒരു പ്ലാന്റ് മതിയാകും. ആദ്യം ഒരു നിശ്ചിത അളവിൽ ചാണകം കലക്കിയ വെള്ളം ഈ പ്ലാന്റിലേക്ക് ഒഴിയ്ക്കുക. പിന്നീട് ദിവസേനയുള്ള ജൈവമാലിന്യങ്ങളെ ഇതിലേക്ക് നിക്ഷേപിക്കുക. 2 കി.ഗ്രാം ജൈവമാലിന്യത്തിൽ നിന്ന് 2 മണിക്കൂർ പാചകം ചെയ്യാനുള്ള വാതകം ലഭിക്കും. ബയോഗ്യാസ് പ്ലാന്റിൽ നിന്നും വരുന്ന മീഥെയ്ൻ വാതകം ഓസോൺ കുറയ്ക്കുന്നതിനാൽ അതിനെ കത്തിച്ച് തന്നെ കളയണം. ബയോഗ്യാസ് അടുപ്പുകൾ പാചകത്തിന് ഉപയോഗിക്കുകയും ചെയ്യാം. പ്ലാന്റ് നിർമ്മിക്കുമ്പോൾ

അതിന്റെ ശേഷിയെക്കാൾ കൂടുതൽ മാലിന്യങ്ങൾ നിക്ഷേപിക്കാതിരിക്കാനും പ്ലാന്റിൽ നിന്ന് വരുന്ന ജലം കെട്ടിക്കിടക്കാതെയും ശ്രദ്ധിക്കണം. കൂടാതെ ഇതിൽ നിന്നും വരുന്ന സ്ലറി (കുഴമ്പു രൂപത്തിലുള്ള മിശ്രിതം) പച്ചക്കറി കൃഷിയ്ക്കും പൂന്തോട്ടത്തിനും വളമായി ഉപയോഗിയ്ക്കാം.

അയൽവാസി : ഇത് എവിടെ നിന്ന് ലഭിയ്ക്കും? സബ്സിഡി വല്ലതും ഉണ്ടോ?

JHI : 10,000 രൂപയാണ് ചെലവ്. ഇതിൽ 75% സബ്സിഡി ലഭിയ്ക്കും. സംസ്ഥാന ശുചിത്വ മിഷനാണ് പദ്ധതി നടത്തിപ്പ് ചുമതല

മകൾ : ബയോഗ്യാസ് പ്ലാന്റിനൊപ്പം ഒരു അടുക്കളത്തോട്ടം കൂടി തുടങ്ങിയാൽ പാച കവാതക ക്ഷാമം പരിഹരിക്കാൻ മാത്രമല്ല, വിഷമില്ലാത്ത പച്ചക്കറികൾ കഴി ക്കാനും സാധിക്കും.

മാധവി : ഇതൊരു നല്ല ഉപാധിയാണല്ലോടീ രാധേ?

രാധ : പ്ലാസ്റ്റിക്ക് മാലിന്യങ്ങളെ എന്തു ചെയ്യണം?

JHI : (JHI ഒരു നോട്ടീസ് രാധയ്ക്കും അവിടെയുള്ളവർക്കും വിതരണം ചെയ്യുന്നു.) ഇത് ശ്രദ്ധയോടെ വായിക്കണം.

## നോട്ടീസ്

### പ്ലാസ്റ്റിക് മാലിന്യങ്ങളെ എന്തു ചെയ്യണം?

പ്ലാസ്റ്റിക് മാലിന്യങ്ങളെ ശരിയായ രീതിയിൽ സംസ്കരിക്കുന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ഇതിനെ കത്തിച്ചാൽ അന്തരീക്ഷ വായു മലിനപ്പെടുകയും അതുവഴി ശ്വാസകോശ രോഗങ്ങൾ, ക്യാൻസർ, ത്വക്ക് രോഗങ്ങൾ തുടങ്ങിയവയ്ക്ക് കാരണമാവുകയും ചെയ്യുന്നു. കുഴിച്ചു മൂടി യാൽ ഇത് ജീർണ്ണിക്കുന്നില്ല. ഇതിന് ഏറ്റവും അനുയോജ്യമായ രീതി റീസൈക്ലിംഗ് ആണ്. പ്ലാസ്റ്റിക് മാലിന്യങ്ങൾ (പാൽക്കവറുകൾ, വെള്ള ത്തിന്റെ കുപ്പികൾ , ക്യാരി ബാഗുകൾ തുടങ്ങിയവ) ടാറിങ്ങ്, റൂഫിംഗ് ഷീറ്റുകൾ, ഇതര ബൈ പ്രോഡക്ടുകൾ എന്നിവ ഉണ്ടാക്കുന്ന ചെറുകിട ഫാക്ടറികൾക്ക് നൽകാവുന്നതാണ്. ഇങ്ങനെ ഇവ റീസൈക്കിൾ ചെയ്ത് ഉപയോഗിക്കുന്ന ഒരു സംസ്കാരം നാം വളർത്തിയെടുക്കണം. കട്ടി കുറഞ്ഞ പ്ലാസ്റ്റിക് കവറുകൾ ഉപയോഗിക്കാതിരിക്കുക. സ്റ്റേറ്റ് പൊല്യൂ ഷൻ കൺട്രോൾ ബോർഡിന്റെ നിർദ്ദേശമനുസരിച്ച് സാധനങ്ങൾ വാങ്ങി യ്ക്കുന്ന പ്ലാസ്റ്റിക്ക് ക്യാരിബാഗുകളുടെ കട്ടി കുറഞ്ഞത് 30 മൈക്രോൺ എങ്കിലുമുണ്ടായിരിക്കണം.

രാധ : 'സമ്പൂർണ്ണ ശുചിത്വം സമ്പൂർണ ആരോഗ്യത്തിന്' അല്ലേ സാറേ?

JHI : മാലിന്യം വിപത്തല്ല വിഭവമാണ്. അതാകട്ടെ നമ്മുടെ മുദ്രാവാക്യം.

ഒത്തൊരുമിച്ച് : 'ഒരു മാലിന്യ വിമുക്ത നാടിനായി നമുക്ക് ഒത്തു ചേരാം'

JHI യുടെ നേതൃത്വത്തിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ തകൃതിയായി നടക്കുന്നു.

**Scene - 2**

ഒരു വർഷത്തിനുശേഷം

മികച്ച മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാഴ്ചവച്ചവർക്കുള്ള പുരസ്കാര വിതരണയോഗം

ആമുഖ പ്രഭാഷണം

'ശുചിത്വ കേരളം' പഞ്ചായത്ത് തല ഉദ്ഘാടനവും സമ്മാനദാനവും നടക്കുന്ന വേദിയിലേക്ക് ഏവർക്കും സ്വാഗതം. അടുത്തതായി മികച്ച മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ കാഴ്ച വെച്ചവർക്കുള്ള പുരസ്കാരവിതരണമാണ്. ഇത് നിർവഹിക്കുവാൻ ബഹുമാനപ്പെട്ട പഞ്ചായത്ത് പ്രസിഡന്റിനെ വേദിയിലേക്ക് ക്ഷണിക്കുന്നു. മാതൃകാപരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ JHI യെ പഞ്ചായത്തിന്റെ പ്രത്യേക പുരസ്കാരം ഏറ്റു വാങ്ങാൻ ക്ഷണിച്ചുകൊള്ളുന്നു.

പഞ്ചായത്ത് പ്രസിഡന്റ്: തികച്ചും അഭിമാനകരമായാണ് ഞാൻ ഈ വേദിയിൽ നിൽക്കുന്നത്. മാതൃകാപരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ JHI ക്കും ഈ പഞ്ചായത്തിലെ XI-ാം വാർഡിലെ നിവാസികൾക്കും എന്റെ അഭിനന്ദനങ്ങൾ. ശുചിത്വ കേരളം പദ്ധതിയുടെ 2012-13 വർഷത്തിലെ മികച്ച മാലിന്യ സംസ്കരണ പ്രവർത്തനം കാഴ്ച വെച്ചത് ഈ പഞ്ചായത്തിലെ XI- ാം വാർഡാണ്. മറ്റു വാർഡുകളെ അപേക്ഷിച്ച് JHI യുടെ മാർഗനിർദ്ദേശങ്ങളനുസരിച്ച്, മികച്ച പ്രവർത്തനത്തിലൂടെ, മാലിന്യ പ്രശ്നത്തിനും പാചകവാതക ക്ഷാമത്തിനും പരിഹാരം കാണാൻ അവർക്കായി.

പഞ്ചായത്ത് പ്രസിഡന്റ് പുരസ്കാരം JHI ക്ക് സമ്മാനിക്കുന്നു.

JHI : ഈ അവാർഡ് എനിയ്ക്ക് നൽകിയ പഞ്ചായത്ത് പ്രസിഡന്റിനും, ഞാൻ നൽകിയ നിർദേശങ്ങളെല്ലാം കൃത്യമായി പ്രാവർത്തികമാക്കിയ ഈ വാർഡിലെ എല്ലാവർക്കും, എന്റെ നന്ദി. എന്നെ ഈ അവാർഡിനർഹനാക്കിയ സബ്സെന്റർ നിവാസികളാണ്, ഇതിന്റെ യഥാർത്ഥ അവകാശികൾ. ഇത് ഞാൻ അവർക്കായി സമർപ്പിക്കുന്നു. നമ്മുടെ നാടിനെ മാലിന്യമുക്തമാക്കാൻ നമുക്ക് ഏവർക്കും ഒത്തുചേരാം.

ജയ് ഹിന്ദ്.





ഉപയോഗശൂന്യമായ പ്ലാസ്റ്റിക് പേനകൾ ഉപയോഗിച്ച് ഷോകേസ് (പ്രദർശന വസ്തു )വസ്തു ഉണ്ടാക്കുന്നു അനിൽ.ജി.എം



* * * *

# ‘സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട’

## ലഘുനാടകം

**രചന, സാക്ഷാത്ക്കാരം :**

അശ്വതി.ആർ.ഒ.
ആര്യാസേനൻ.ഡി.ബി
ചിപ്പി.എസ്
ജിതീദേവി. എ.കെ
ശ്രുതി സുരേന്ദ്രൻ.എസ്
സമീന.റ്റി
രഷ്മിത. ആർ
ചിന്നു.എസ്. രാജ്
ജിജി രാജപ്പൻ.ജി



കാലവർഷം ശക്തമായതോടെ പനിമരണങ്ങൾ തുടർക്കഥയാവുകയാണ്. അശാസ്ത്രീയമായ മാലിന്യനിർമ്മാർജ്ജനവും ദ്രുതഗതിയിലുള്ള നഗരവത്ക്കരണവും, വനനശീകരണവും മനുഷ്യന്റെ അശ്രദ്ധയും മഴക്കാലരോഗങ്ങളെ നമ്മുടെ നാട്ടിലെ സ്ഥിരം സന്ദർശകരാക്കുന്നു. ചെറിയ അശ്രദ്ധമൂലം രോഗം പിടിപെടുകയും എന്നാൽ പ്രാരംഭത്തിൽതന്നെ ഫലവത്തായ ചികിത്സയിലൂടെ രോഗം ഭേദമാകുകയും ചെയ്ത ലീലയുടെ വീട്ടിലേയ്ക്ക് നമുക്ക് കടന്നു ചെല്ലാം.

എലിപ്പനിനിയ്ക്കെതിരെ ജാഗ്രതയോടെ പ്രവർത്തിക്കുവാൻ നിങ്ങൾക്കേവർക്കും പ്രയോജനപ്രദമായ സന്ദേശവുമായി ഞങ്ങൾ അവതരിപ്പിക്കുന്നു.

‘സൂക്ഷിച്ചാൽ ദു:ഖിക്കേണ്ട’

ലീലയുടെ വീട്ടിലേക്ക് ഏവർക്കും സ്വാഗതം.

### സീൻ - 1 (ലീലയുടെ വീട്)

(തൊഴിലുറപ്പ് ജോലി കഴിഞ്ഞ് മടങ്ങിയെത്തുന്ന ലീല മകളോട്)

ലീല : മീനൂ..... മോളേ മീനു.... അമ്മയ്ക്ക് വല്ലാത്ത ക്ഷീണം. കുളിയ്ക്കാൻ ഇത്തിരി വെള്ളം ചൂടാക്ക് മോളേ.

മീനു : അമ്മയ്ക്ക് പനി കുറവില്ലേ? പണിയ്ക്കു പോകേണ്ടാന്നു പറഞ്ഞാൽ കേൾക്കില്ല. വെള്ളം അപ്പുറത്ത് എടുത്ത് വച്ചിട്ടുണ്ട്. അമ്മ കുളിച്ചിട്ട് വാ.

(കുളി കഴിഞ്ഞെത്തിയ ലീലയോട്)

മീനു : അമ്മേ കുടിയ്ക്കാൻ കഞ്ഞി എടുത്തു വയ്ക്കട്ടെ?

ലീല : വേണ്ട മോളേ എനിയ്ക്ക് തീരെ വിശപ്പില്ല. ഞാനൊന്നു കിടക്കട്ടെ.

മീനു : ശരി അമ്മേ.

(പിറ്റേന്ന് രാവിലെ-കൗസല്യ.....)

മീനു : അമ്മേ ഇതാ ചായ. പനി കുറവുണ്ടോ?

ലീല : തലവേദനയും വയറുവേദനയും മനം പുരട്ടലും ഉണ്ട്.

മീനു : കണ്ണൊക്കെ ചുവന്നിരിക്കുന്നുണ്ടല്ലോ?

ലീല : അതു വല്ല ചെങ്കണ്ണോ മറ്റോ ആയിരിക്കും.

(ലീലയെ ജോലിയ്ക്ക് വിളിയ്ക്കാൻ എത്തുന്ന അയൽക്കാരി ഗീതയും, രാധയും)

രാധ : ലീലേ.... എടീ ലീലേ... നീയിന്നു തൊഴിലുറപ്പിനൊന്നും വരുന്നില്ലേ?

ലീല : എനിയ്ക്ക് തീരെ സുഖമില്ലെടി. വല്ലാത്ത തലവേദനയും ഛർദ്ദിയും പനിയും

രാധ : അതെങ്ങനെ വരാതിരിയ്ക്കും? കഴിഞ്ഞ ആഴ്ച ആ അഴുക്കുവെള്ളത്തില ല്ലായിരുന്നോ പണി?

ലീല : അത് കഴിഞ്ഞാഴ്ചയല്ലേ. അതിന് ഇപ്പോൾ പനിയൊന്നും വരില്ല.

ഗീത : നീയറിഞ്ഞോ. നമ്മുടെ കൂടെ ജോലിയ്ക്കു വരുന്ന കുട്ടപ്പൻ ചേട്ടൻ പനി യായി വീട്ടിൽ കിടപ്പിലാ.

(സംഭാഷണത്തിനിടയിലേക്ക് രംഗപ്രവേശനം ചെയ്യുന്ന അശാപ്രവർത്തക സുമതി)

മീനു : ഹ് നമ്മുടെ ആശ സുമതി ചേച്ചിയല്ലേ ആ വരുന്നത്.

സുമതി : എന്താ എല്ലാവരും ഇവിടെ കൂടി നിൽക്കുന്നത്. ഇന്നാർക്കും തൊഴിലുറപ്പി നൊന്നും പോകേണ്ടേ?

രാധ : ലീലയ്ക്ക് സുഖമില്ല. ഞങ്ങൾ അതിനെക്കുറിച്ച് സംസാരിക്കുകയായിരുന്നു.

സുമതി : കണ്ണൊക്കെ ചുമന്നു കിടക്കുന്നല്ലോ? ആ കുട്ടപ്പൻ ചേട്ടനും ഇതേ ലക്ഷണ ങ്ങളൊക്കെത്തന്നെയായിരുന്നു. അയാൾ മരുന്നൊന്നും വാങ്ങാതെ വീട്ടിൽത്തന്നെ കിടപ്പാ.

(മകളോട്)

എന്തായാലും അമ്മയെ ആശുപത്രിയിൽ കൊണ്ടു പോകൂ മോളേ. എനിയ്ക്ക് അപ്പുറത്തെ വീട്ടിലും ഒന്ന് കയറണം. എന്നാൽ ശരി പോട്ടെ.

മീനു : വാ അമ്മേ നമുക്ക് ആശുപത്രിയിൽ പോകാം എഴുന്നേൽക്ക്.

ലീല : പാരസിറ്റമോൾ കഴിച്ചാൽ മാറും. ആശുപത്രീലൊന്നും പോകേണ്ട.

മീനു : സുമതി ചേച്ചിയും പറഞ്ഞതല്ലേ. വാ നമുക്ക് ആശുപത്രിയിൽ പോകാം.

ഗീത : ലീലേ ഞങ്ങൾ ഇറങ്ങുന്നു.

## സീൻ – 2 (പ്രാഥമികാരോഗ്യകേന്ദ്രം)

ഡോക്ടർ : ഹ്ങാ കയറി വരൂ. ഇരിയ്ക്കൂ. എന്താ എന്തു പറ്റി?

ലീല : പനിയും തലവേദനയും ഛർദ്ദിയും മനം പുരട്ടലുമൊക്കെയുണ്ട്.

ഡോക്ടർ : കണ്ണും ചുമന്നിരിയ്ക്കുന്നുണ്ടല്ലോ. എത്ര ദിവസമായി തുടങ്ങിയിട്ട്?

ലീല : രണ്ടു മൂന്നു ദിവസമായി

(ഡോക്ടർ പരിശോധിയ്ക്കുന്നു)

ഡോക്ടർ : എന്തെങ്കിലും മരുന്നു കഴിച്ചിരുന്നോ?

ലീല : പാരസിറ്റമോൾ കഴിച്ചിരുന്നു.

ഡോക്ടർ : സന്ധിവേദനയോ മൂത്രത്തിന്റെ അളവിൽ എന്തെങ്കിലും മാറ്റമോ മറ്റോ ഉണ്ടോ?

ലീല : സന്ധിവേദനയൊക്കെയുണ്ട്. ഈയിടെ മൂത്രത്തിന്റെ അളവ് നന്നായി കുറ ഞ്ഞിട്ടുമുണ്ട്.

ഡോക്ടർ : എന്തെങ്കിലും ജോലിയ്ക്ക് പോകുന്നുണ്ടോ?

ലീല : ഞാൻ തൊഴിലുറപ്പിന് പോകുന്നുണ്ട്.

ഡോക്ടർ : ഈയിടെ അഴുക്കുവെള്ളത്തിലെങ്ങാനും ജോലി ചെയ്തിരുന്നോ?

ലീല : ഒന്നര ആഴ്ചമുമ്പ് ചെയ്തിരുന്നു.

ഡോക്ടർ : രക്തം പരിശോധിയ്ക്കാൻ എഴുതിത്തരാം. ചികിത്സ ഉടനെ തുടങ്ങാം.

## സീൻ – 3 (ലബോറട്ടറി)

ലാബ് അസിസ്റ്റന്റ്: ഡോക്ടറുടെ കുറിപ്പു തരൂ. (മീനു കുറിപ്പ് ലാബ് അസിസ്റ്റന്റിനു നൽകുന്നു)

ലാബ് അസി : കുറച്ച് കഴിഞ്ഞു വരൂ.

(വൈകുന്നേരം 4 1/2 മണിക്ക്)

ലാബ് അസി. : ലീലാ... ലീലയുണ്ടോ.

മീനു : ഉണ്ട്. അമ്മയ്ക്കെന്തെങ്കിലും ....

ലാ. അസി. : ഡോക്ടറെ കാണിച്ചാൽ മതി. അദ്ദേഹം വിശദമായി പറഞ്ഞു തുരും.

## സീൻ – 4 (പ്രാഥമികാരോഗ്യ കേന്ദ്രം)

ഡോക്ടർ : (റിസൽട്ട് നോക്കിയ ശേഷം) നിങ്ങൾക്ക് എലിപ്പനിയാണ് സൂക്ഷിക്കണം.

മീനു : അയ്യോ. മാരകമാണോ ഡോക്ടർ

ഡോക്ടർ : മാരകമാണ്. പക്ഷേ ഇത് തുടക്കമായിട്ടേ ഉള്ളൂ. പ്രാരംഭത്തിലേ ചികിത്സ എടുക്കുന്നതുകൊണ്ട് പൂർണ്ണമായും ഭേദമാക്കാൻ കഴിയും.

ലീല : അതിനെന്നെ എലിയൊന്നും കടിച്ചില്ലല്ലോ ഡോക്ടർ?

ഡോക്ടർ : എലിപ്പനി ഉണ്ടാകുന്നത് എലി കടിച്ചിട്ടാണെന്ന് ആരാ പറഞ്ഞത്?

ലെപ്റ്റോസ്പൈറ എന്ന വിഭാഗത്തിൽപ്പെട്ട രോഗാണുക്കളാണ് എലിപ്പനിയുണ്ടാക്കുന്നത്. എലിപ്പനിയുടെ രോഗാണുക്കൾ സസ്തനികളായ കാർന്നു തിന്നുന്ന ജീവികളായ എലി, അണ്ണാൻ, കൂടാതെ പന്നി, നായ, കന്നുകാലികൾ എന്നിവയിലും കാണപ്പെടുന്നു. പ്രധാനമായും ഈ രോഗം പകരുന്നത് എലികളിലൂടെയാണ്. ഇവയുടെ മൂത്രം വെള്ളത്തിൽ കലരുകയും ഇങ്ങിനെ മലിനമാക്കപ്പെട്ട വെള്ളവുമായി സമ്പർക്കത്തിൽ വരുന്ന ആളുകളുടെ മുറിവിലൂടെയും പോറലിലൂടെയും കണ്ണ്, മൂക്ക്, വായ തുടങ്ങിയ ശരീരഭാഗങ്ങളിലൂടെയും പ്രവേശിച്ച് രോഗാണുബാധ ഉണ്ടാകുകയും ചെയ്യുന്നു. മലിനമായ വെള്ളത്തിൽ കുളിച്ചാലും ആ വെള്ളം കുടിച്ചാലും അണുബാധയുണ്ടാകും.

ലീല : അതിന് ഞാൻ ഇന്നലെ ഒന്നും അഴുക്കുവെള്ളത്തിൽ പണി ചെയ്തില്ലല്ലോ?

ഡോ. : ഒരാഴ്ചയ്ക്കു മുമ്പ് ചെയ്തില്ലേ? എലിപ്പനിയുടെ പ്രധാന പ്രത്യേകത എന്തെന്നുവച്ചാൽ രോഗാണു ശരീരത്തിൽ പ്രവേശിച്ചശേഷം ഒരാഴ്ചയ്ക്കു ശേഷമേ ലക്ഷണങ്ങൾ പ്രകടമാകൂ എന്നതാണ്.

ലീല : അപ്പോൾ ഞങ്ങളെപ്പോലുള്ളവർ ഈ രോഗത്തിൽ നിന്ന് രക്ഷ നേടാൻ എന്ത് മാർഗ്ഗമാണ് സ്വീകരിയ്ക്കേണ്ടത്?

ഡോക്ടർ : (1) അഴുക്കു വെള്ളത്തിലെ ജോലിയ്ക്കു പോകുമ്പോൾ കൈകളിലോ കാലിലോ മുറിവുണ്ടെങ്കിൽ നന്നായി കെട്ടി വച്ചശേഷം മാത്രം ഇറങ്ങുക

(2) ജോലി ചെയ്യുമ്പോൾ നിർബന്ധമായും റബ്ബർ കൊണ്ടുണ്ടാക്കിയ കട്ടിയുള്ള കൈയുറകളും കാലുറകളും ധരിയ്ക്കുക.

(3) പ്രധാനമായും ഇതിന്റെ രോഗകാരിയായ എലികളെ ഇല്ലാതാക്കുക. ഭക്ഷ്യാവിശിഷ്ടങ്ങൾ വലിച്ചെറിയാതെ ശരിയായ രീതിയിൽ സംസ്കരിക്കുക.

(4) ജോലിയ്ക്കു പോകുന്നതിനു മുന്നേ ഇവിടെ വന്നാൽ നിങ്ങൾക്ക് 'ഡോക്സിസൈക്ലിൻ' ഗുളികകൾ നൽകും. അതു കഴിച്ചാൽ എലിപ്പനിയെ തടയാൻ കഴിയും.

എന്തായാലും അഡ്മിറ്റിന് എഴുതിത്തരാം. രോഗം പൂർണ്ണമായും ഭേദമായിട്ട് പോയാൽ മതി. കേട്ടോ.

ലീല : ശരി

(ഒന്നര ആഴ്ചയ്ക്കുശേഷം)

ഗീത : ലീലേ വരുന്നില്ലേ?

ലീല : മോളേ മീനു, അമ്മയുടെ വെള്ളമിങ്ങെടുത്തേ?

മീനു : ഇതാ അമ്മേ

| | | |
|---|---|---|
| രാധ | : | അറിഞ്ഞോ നമ്മുടെ കുട്ടപ്പൻ ചേട്ടൻ രണ്ടു ദിവസം മുമ്പ് മരിച്ചു. എലിപ്പനി യായിരുന്നുവത്രേ. |
| ഗീത | : | നിനക്കും എലിപ്പനിയാണെന്ന് കേട്ടല്ലോ? |
| ലീല | : | അതെ. പക്ഷേ തുടക്കത്തിലേ ചികിത്സിച്ചതുകൊണ്ട് എനിയ്ക്ക് പൂർണ്ണമായി ഭേദമായി. |
| രാധ | : | വാ നമുക്ക് പോകാം. ഇന്നും ആ അഴുക്കുവെള്ളത്തിലാ പണി. |
| മീനു | : | അമ്മേ കൈയുറകളും കാലുറകളും എടുത്തോ? ഡോക്ടർ പറഞ്ഞപോലെ 'ഡോക്സിസൈക്ലിൻ' ഗുളിക ഇന്നലെ കഴിച്ചോ? |
| ലീല | : | ഹ്ആ.... എടുത്തു, ഗുളിക ഇന്നലെ കഴിയ്ക്കുകയും ചെയ്തു. |
| രാധ, ഗീത | : | ഞങ്ങളും എടുത്തു മോളേ. ഞങ്ങളും ഡോക്ടറെ ഇന്നലെ കണ്ടു. ഗുളി കയും കഴിച്ചു. ഇനി അടുത്ത ആഴ്ച കഴിച്ചാൽ മതി. ഇങ്ങനെ ആറ് ആഴ്ച കഴിച്ചാൽ പേടിക്കേണ്ട. |
| ഒരുമിച്ച് | : | 'സ്വയം ചികിത്സ ഒഴിവാക്കൂ<br>മുറിവൈദ്യം ആപത്ത്<br>രോഗം വന്ന് ചികിത്സിക്കുന്നതിനേക്കാൾ<br>നല്ലത് രോഗം വരാതെ നോക്കുന്നത്' |

**"സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട"**



**//ശുഭം//**

* * * *

# ചെറിയ കൊതുകും വലിയ ദുരന്തവും

## പാവക്കൂത്ത്

**രചന, സാക്ഷാത്ക്കാരം :**

ദിപിൻ.ആർ
**അനിൽ.ജി.എം.** (വിളവൂർക്കൽ പ്രാഥമികാരോഗ്യകേന്ദ്രം സ്റ്റാഫ് & ഡി.എച്ച്.ഐ.സി. (2011--'13 ബാച്ച്) വിദ്യാർത്ഥി)
ജിഷ്ണു ബാലൻ
വിഷ്ണു ബാലൻ
സൂര്യ.എസ്
അജയ്ലാൽ.കെ
അഖിൽകൃഷ്ണൻ.ആർ.പി
ഷഹാസ്.ആർ

**ആശയപരമായ നേതൃത്വം :**

ഡോ.റ്റി. ദിലീപ്കുമാർ, എന്റമോളജി അസിസ്റ്റന്റ് ഡയറക്ടർ, ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്

ഡോ.എസ്. സജ്ഞീവ്, മെഡിക്കൽ ഓഫീസർ-ഇൻ-ചാർജ്, കള്ളിക്കാട് ന്യൂ നെയ്യാർഡാം പ്രാഥമികാരോഗ്യ കേന്ദ്രം.

ശ്രീമതി. ശോഭാ ഗണേഷ്, കമ്മ്യൂണിക്കേഷൻ ഓഫീസർ, പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സ്കൂൾ

ശ്രീ. ബൈജുകുമാർ.പി., ട്യൂട്ടർ, പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സ്കൂൾ,

ശ്രീ. സുനിൽ കുമാർ.കെ., ലാബ് ടെക്നീഷ്യൻ, സ്റ്റേറ്റ് എന്റമോളജി യൂണിറ്റ്, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്.

**പ്രോത്സാഹനം നൽകിയത്** : പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സ്കൂളിലെ പ്രിൻസിപ്പലും അദ്ധ്യാപകരും മറ്റു സ്റ്റാഫും.
തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സ്കൂളിലെ രണ്ടാം വർഷ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് വിദ്യാർത്ഥികളും അദ്ധ്യാപകരും നിങ്ങൾക്കായി അഭിമാനപൂർവ്വം കാഴ്ച വയ്ക്കുന്നു. '**ചെറിയ കൊതുകും വലിയ ദുരന്തവും**'

***ആമുഖം***

കൊതുക് പരത്തുന്ന രോഗങ്ങളായ ചിക്കുൻ ഗുനിയ, ഡെങ്കിപ്പനി, ജപ്പാൻ ജ്വരം, മലമ്പനി, മന്ത് മുതലായവ കേരളത്തിൽ ഒരു വലിയ പൊതുജനാരോഗ്യ പ്രശ്നമായ് തീർന്നിരിക്കുന്നു.

കേരളത്തിൽ മുമ്പ് ഇല്ലാതിരുന്ന ചിക്കുൻ ഗുനിയ, ഡെങ്കിപ്പനി, ജപ്പാൻ ജ്വരം തുടങ്ങിയവ ഇപ്പോൾ സംസ്ഥാനത്ത് വ്യാപകമായി വരുന്നു. ഈ രോഗങ്ങളെ കൊതുക് നിയന്ത്രണത്തിലൂടെ മാത്രമേ ഫലപ്രദമായ് പ്രതിരോധിക്കുവാനും നിയന്ത്രിക്കുവാനും നമുക്ക് കഴിയുകയുള്ളൂ.

കൊതുക് നിയന്ത്രണത്തിൽ ജനങ്ങളുടെ പങ്ക് വളരെ പ്രധാനമാണ്. അതുകൊണ്ട് തന്നെ കൊതുക് നിയന്ത്രണ പരിപാടിയിൽ പൂർണ്ണ തോതിലുള്ള ജനപങ്കാളിത്തം ഉണ്ടായാൽ മാത്രമേ കൊതുക്ജന്യ രോഗങ്ങളിൽ നിന്നും നമുക്ക് പൂർണ്ണമായും മുക്തി നേടാൻ കഴിയൂ.

**കഥാപാത്രങ്ങൾ**

| | |
|---|---|
| ബീരാക്ക, | ബീരാക്കാന്റെ ബീവി പാത്തുമ്മ |
| ഡോ. സഞ്ജയ്, | ഹെൽത്ത് ഇൻസ്പെക്ടർ ആനന്ദ്. |

ബീരാൻ ഒരു ധനികനും എല്ലാവർക്കും പ്രിയപ്പെട്ടവനും ആണ്. എന്നാൽ അയാളുടെ വൃത്തിഹീനമായ ചുറ്റുപാട് ആരോഗ്യത്തെ നശിപ്പിക്കുന്നു.

തുടർന്ന് കാണുക.

**Screen ൽ**

# Warning

| |
|---|
| **പുകവലിയും പുകയില ഉല്പന്നങ്ങളും അർബുദത്തിന് കാരണമാകുന്നു** |

**സീൻ – 1**

ബീരാക്കയുടെ വീട്ടിലേക്ക് ഏവർക്കും സ്വാഗതം

ബീരാക്ക : പാത്തു, പാത്തു

പാത്തു : എന്താ ബീരാക്ക

ബീരാക്ക : പാത്തു ഞമ്മക്കൊരു ചായ വേണം

പാത്തു : നിങ്ങളിങ്ങനെ ചായയും കുടിച്ചോണ്ടിരുന്നോ....

ആ പരമുവിനെ വിളിച്ച് ഈ വീടും പരിസരവും ഒന്നു വൃത്തിയാക്കാൻ പറഞ്ഞിട്ട് എത്ര നാളായി. നിങ്ങൾക്കെന്താ മനുഷ്യാ, ഒരുത്തരവാദിത്വവും ഇല്ലാത്തത്.

ബീരാക്ക : ആഹാ ഇതെന്റെ വീടാ. ഞാൻ എനിക്ക് തോന്നിയപോലെ ജീവിക്കും. നീ ആരാ അത് ചോദിക്കാൻ?

പാത്തു : എന്തേലും സൂക്കേട് പിടിച്ച് കിടപ്പിലായാൽ ഞമ്മള് ഞമ്മടെ ഉപ്പാന്റെ വീട്ടിലേക്ക് പോകും. പറഞ്ഞില്ലാന്നു വേണ്ട.

ബീരാക്ക : നീ എവിടെയെങ്കിലും പോ. എനിക്കറിയാം, ഒറ്റയ്ക്ക് ജീവിക്കാൻ.

ബീരാക്ക തന്റെ അലസ്സമായ ജീവിതം തുടർന്നുകൊണ്ടേയിരുന്നു. അങ്ങനെ ഒരുനാൾ ബീരാന് ഡെങ്കിപ്പനി ബാധിച്ചു. തുടർന്ന് ബീരാക്കാ ആശുപത്രിയിലേക്ക്.

**സീൻ – 2**

| |
|---|
| **പ്രാഥമികാരോഗ്യ കേന്ദ്രം** |

ടോക്കൺ നം. : 237

ബീരാക്ക : പടച്ചോനേ ഇപ്പോഴെങ്കിലും ഞമ്മളെ ഒന്നു വിളിച്ചല്ലോ.

ഡോ. : കയറി വരൂ.... എന്താ എന്തുപറ്റി?

ബീരാക്ക : ഡോ. സാറേ, 2–3 ദിവസമായ് നല്ല പനിയും മേലുവേദനയും ഒക്കെയാ. കണ്ണു തുറക്കാൻ പോലും വയ്യ. നല്ല ക്ഷീണവും കണ്ണിന്റെ കൃഷ്ണമണിക്ക് നല്ല വേദനയും ഉണ്ട്

ഡോ. : അതെയോ? (പരിശോധിക്കുന്നു)

നല്ല ചൂടും ഉണ്ടല്ലോ!

എന്നാൽ പിന്നെ രക്തം ഒന്നു പരിശോധിക്കാം (ടെസ്റ്റ് എഴുതുന്നു) രക്തം പരിശോധിച്ച് റിസൾട്ടുമായ് വേഗം വരൂ കേട്ടോ....

(അങ്ങനെ റിസൾട്ടുമായ് ബീരാക്ക ഡോക്ടറിന്റെ അടുത്തേയ്ക്ക്)

**സീൻ – 3**

**സ്ക്രീനിൽ**

**RESULT**

ബീരാക്ക : ഇതാ ഡോക്ടർ സാറേ റിസൾട്ട്

ഡോക്ടർ : (റിസൾട്ട് വാങ്ങി പരിശോധിക്കുന്നു) എന്നിട്ട്

ബീരാക്ക താങ്കൾക്ക് Platelet Count തീരെ കുറവാണ്. ലക്ഷണം കണ്ടിട്ട് ഡെങ്കിപ്പനിയാണെന്നു തോന്നുന്നു. താങ്കൾ ഉടൻ തന്നെ അഡ്മിറ്റ് ആകണം. ടിർണിം.... സിസ്റ്റർ ഇയാളെ ഉടൻ തന്നെ അഡ്മിറ്റ് ചെയ്യൂ....



നിങ്ങളുടെ കൂടെ ആരും വന്നില്ലെ.?

ബീരാക്ക : ഉണ്ട് സാറേ, ഞമ്മടെ ബീവി പാത്തുമ്മ.

ഡോ. : അവരെ ഒന്നിങ്ങു വിളിക്കൂ.....

ബീരാക്ക : പാത്തു നിങ്ങളെ സാർ വിളിക്കുന്നു. അകത്തേയ്ക്കു വാ....

ഡോ. : ബീരാക്ക നിങ്ങൾ ആ ബെഡിലേക്ക് പോയി കിടക്കൂ.
(പാത്തുമ്മ കയറി വരുന്നു)

ഡോ : പാത്തുമ്മ നിങ്ങളുടെ വീടെവിടെയാ?

പാത്തു : പഞ്ചായത്താഫീസിന് പുറകിലുള്ള വഴിയിലെ ആദ്യത്ത വീടാ ഡോക്ടറേ

ഞാൻ ഞമ്മടെ ഉപകേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ ആനന്ദ് സാറ് പറഞ്ഞതനുസരിച്ചാ ഡോക്ടറിനെ കാണാൻ ഓടി വന്നത്. സാർ ഞമ്മളോട് പലതവണ പറഞ്ഞിരുന്നു വീടും പരിസരവും വൃത്തിയായ് സൂക്ഷിക്കണം, പനി വരാനുള്ള സാധ്യത വളരെ കൂടുതലാണെന്നും അഥവാ പനി വല്ലതും വന്നാൽ ചികിത്സതേടണം, സ്വന്തമായി ചികിത്സിക്കരുതെന്നും. പക്ഷേ എന്തു പറഞ്ഞാലും ഞമ്മടെ ബീരാക്ക കേൾക്കില്ല ഡോക്ടർ സാറേ. അങ്ങേർക്ക് എന്തെങ്കിലും സംഭവിച്ചാൽ ഞമ്മള് ചത്തുകളയും.

ഡോ : നിങ്ങളിങ്ങനെ പറഞ്ഞിട്ടൊന്നും കാര്യമില്ല. പനി വന്നു ചികിത്സിക്കുന്നതിനേക്കാൾ നല്ലത് പനി വരാതെ നോക്കുന്നതല്ലേ? എന്തായാലും നിങ്ങൾ ഉടൻ തന്നെ ഹെൽത്ത് ഇൻസ്പെക്ടർ ആനന്ദിനെ കാണണം. വിശദവിവരങ്ങൾ പറഞ്ഞു തരും. അത് കൃത്യമായി ചെയ്താൽ ഒരു കുഴപ്പവും ഇനി ഉണ്ടാകില്ല കേട്ടോ. ബീരാക്കാന്റെ കാര്യം ഞങ്ങൾ ശ്രദ്ധിച്ചോളാം. ധൈര്യമായ് ഇരിക്കൂ.

(തുടർന്ന് പാത്തുമ്മ ഹെൽത്ത് ഇൻസ്പെക്ടർ ആനന്ദിനെ കാണാൻ ഉപകേന്ദ്രത്തിൽ എത്തി)

**സീൻ - 4**

**സ്ക്രീനിൽ**

| |
|---|
| **ഉപകേന്ദ്രം** |
| **(Sub Centre)** |

(JHI പൊങ്ങിവരുന്നു)

പാത്തുമ്മ : സാറെ ഞമ്മള് കയറി വന്നോട്ടേ?

JHI : അതിനെന്താ കയറി വരൂ....

: ഹ്ആ പാത്തുമ്മയോ. എന്താ എന്തുപറ്റി?

പാത്തുമ്മ : ഒന്നും പറയേണ്ട സാറെ, ബീരാക്കയ്ക്ക് ഡെങ്കിപ്പനിയാ....

JHI : അയ്യോ. ഏത് ആശുപത്രിയിലാ? അഡ്മിറ്റാണോ? നിങ്ങളോട് ഞാൻ പറഞ്ഞിരുന്നതല്ലേ വീടും പരിസരവും വൃത്തിയായ് സൂക്ഷിച്ചില്ലെങ്കിൽ പനി ഉണ്ടാകാൻ സാധ്യതയുണ്ടെന്ന്. കൊതുക് വളരാനുള്ള സാഹചര്യങ്ങളും കാണിച്ചു തന്നതല്ലേ? പിന്നെന്താ അത് നശിപ്പിക്കാത്തത്.

പാത്തു : അത് ശരിയാ സാറേ, പക്ഷേ, ബീരാക്കാന്റെ സ്വഭാവം സാറിനും അറിയാമല്ലൊ! എന്തു പറഞ്ഞാലും കേൾക്കില്ല.

JHI : പാത്തുമ്മ ഒരാളുടെ മാത്രം ഉത്തരവാദിത്വമല്ല വീടും പരിസരവും വൃത്തിയാക്കേണ്ടത്. ഒരു വീട്ടിലെ എല്ലാവരുടെയും കടമയാണ്. ഒരു പ്രദേശത്ത് ഈ രോഗം തടയാൻ അവിടുത്തെ എല്ലാ വീട്ടുകാരും ഇതേ ഉത്തരവാദിത്വം എടുക്കണം.

ഇനിയെങ്കിലും വീടും പരിസരവും വൃത്തിയായി സൂക്ഷിക്കണം. ഒരു തുള്ളി വെള്ളം കെട്ടി നിന്നാൻ പോലും അതിൽ കൊതുക് മുട്ടയിട്ടു വളരും. അതുകൊണ്ട് പ്ലാസ്റ്റിക് കവർ, ചിരട്ട, കാലിക്കുപ്പി, വെള്ളം ശേഖരിക്കപ്പെടാവുന്ന മറ്റ് വസ്തുക്കൾ തുടങ്ങിയവ വെള്ളം കെട്ടി നിൽക്കാത്ത രീതിയിൽ നീക്കം ചെയ്യണം.

- മാലിന്യങ്ങൾ വലിച്ചെറിയാതെ ശരിയായ രീതിയിൽ സംസ്കരിക്കുക.
- വീടിന്റെ ടെറസ്സ്, സൺഷെയ്ഡ്, ഫ്രിഡ്ജിന്റെ അടിത്തട്ട് എന്നിവിടങ്ങളിൽ ശേഖരിക്കപ്പെടുന്ന വെള്ളം ആഴ്ചയിലൊരിക്കലെങ്കിലും പൂർണ്ണമായും ഒഴുക്കി കളയണം.
- അടുക്കളയിലെയും, തൊഴുത്തുകളിലെയും മലിനജലം കൊതുക് കടക്കാത്ത കുഴികളിൽ ഒഴുക്കി വിടുക.
- പിന്നെ രോഗകാരിയായ ഇവ ഈഡിസ് കൊതുകുകളാണ്. ഈഡിസ് കൊതുകിനെ തിരിച്ചറിയാൻ വളരെ എളുപ്പമാണ്.

1. താതമ്യേന ചെറിയ കൊതുകളാണിവ.
2. പൊതുവെ കറുത്ത ശരീരത്തിൽ വെളുത്ത പുള്ളികളാണ്. ഈ കാരണത്താൽ കടുവ കൊതുകെന്നും വിളിക്കുന്നു.
3. പകൽ സമയത്താണ് ഇവ കടിക്കുക. കൂടുതലായും രാവിലെയും വൈകുന്നേരങ്ങളിലും.

4. ഇവയുടെ മുട്ടയ്ക്ക് ഒരു വർഷത്തിലധികം ഉണക്കിനെ അതിജീവിക്കാൻ കഴിവുണ്ട്. അതുകൊണ്ട് തന്നെ വെള്ളം ശേഖരിച്ചു വയ്ക്കുന്ന പാത്രങ്ങൾ ആഴ്ചയിലൊരിക്കൽ നന്നായി ഉരച്ചു കഴുകി വൃത്തിയാക്കി വയ്ക്കണം.

പാത്തുമ്മ : കൊതുകിനെ നശിപ്പിക്കാൻ ഞമ്മള് എന്തു ചെയ്യണം സാറേ.

JHI : 1. ഇവയുടെ ഉറവിടം കണ്ടെത്തി അവയെ നശിപ്പിക്കുക.

2. കൂത്താടികളെ നശിപ്പിക്കുക.

3. പൂർണ്ണ വളർച്ചയെത്തിയ കൊതുകിനെ നശിപ്പിക്കുക.

4. കിണറ്റിലും, കുളങ്ങളിലും, ടാങ്കുകളിലും മറ്റും ഗപ്പി, ഗംബൂസിയ തുടങ്ങിയ മീനുകളെ വളർത്തുക. ഈ മീനുകൾ കൂത്താടികളെ ഭക്ഷണമാക്കുക വഴി ജലാശയത്തിലെ കൊതുക് വളരുന്നത് തടയാനാകും.

5. ഓടകളിലും മറ്റും മണ്ണെണ്ണ, കരിഓയിൽ മുതലായവ ഒഴിക്കുന്നതുമൂലം കൊതുകിന്റെ കൂത്താടിയെ നശിപ്പിക്കാനാകും. മനസ്സിലായോ പാത്തുമ്മ.

പാത്തുമ്മ : ♦ അപ്പോൾ കൊതുക് നമ്മളെ കടിക്കാതിരിക്കാൻ എന്തൊക്കെ ചെയ്യണം സാറേ....

JHI : ♦ പകലാണെങ്കിലും കിടക്കുമ്പോൾ കൊതുകുവല ഉപയോഗിക്കണം.

♦ വേപ്പെണ്ണ, പുൽതൈലം പോലുള്ള ലേപനങ്ങൾ ശരീരത്തിൽ പുരട്ടുക.

♦ ശരീരം മുഴുവൻ മറഞ്ഞു കിടക്കുന്ന വസ്ത്രം ധരിക്കുക.

♦ ജനൽ, വെന്റിലേറ്റർ മുതലായവയിൽ കൊതുക് കടക്കാത്ത വലക്കണ്ണികൾ ഉപയോഗിച്ച് മറയ്ക്കുക.

♦ കുന്തിരിക്കം പോലുള്ള സാധനങ്ങൾ ഉപയോഗിച്ച് പുകയ്ക്കുക,

പാത്തുമ്മ : എല്ലാം മനസ്സിലായി, സാറേ ഞമ്മടെ ബീരായ്ക്ക് രോഗം ഭേദമാകില്ലേ.? അതോ വേറെന്തെങ്കിലും സംഭവിക്കുമോ.?

JHI : ♦ മറ്റൊന്നും സംഭവിക്കില്ല പാത്തുമ്മ. എന്നാൽ ഈ പനി വന്നു കഴിഞ്ഞ് വീണ്ടും ഒന്നുകൂടി വന്നാൽ അത് ഗുരുതരമാകും

പാത്തുമ്മ : അതെങ്ങനെയാ സാറെ ഒന്നു പറഞ്ഞു തരുമോ?

JHI : പാത്തുമ്മ, കൊതുകിൽ കൂടി പകരുന്ന ഈ രോഗം ഉണ്ടാക്കുന്നത് പ്രധാനമായും 4 തരം വൈറസ്സുകളാണ്. ഇവയിൽ ഏതെങ്കിലും ഒരിനം വൈറസ്സ് ശരീരത്തിൽ പ്രവേശിച്ചാൽ ആദ്യം സാധാരണ ഡെങ്കിപ്പനിയാണ് ഉണ്ടാക്കുക. ആദ്യമായതുകൊണ്ട് തന്നെ വലിയ ഗുരുതര പ്രശ്നങ്ങളൊന്നും ഉണ്ടാകുന്നില്ല എന്നു മാത്രമല്ല പൂർണ്ണമായും ചികിത്സിച്ചു ഭേദമാക്കുവാനും കഴിയും. എന്നാൽ വീണ്ടും ഇതേ വ്യക്തിയ്ക്ക് ആദ്യം ഡെങ്കിപ്പനി ഉണ്ടാക്കിയ വൈറസ്സല്ലാത്ത മറ്റ് മൂന്ന് ഇനം വൈറസ്സുകളിൽ ഏതെങ്കിലും ഒന്നു കൊണ്ട് ഡെങ്കിപ്പനി വീണ്ടും ഉണ്ടായാൽ അത് ഗുരുതരമാകും. രോമകൂപങ്ങൾക്കിടയിലൂടെയും മൂക്കിലൂടെയും വായിലൂടെയും രക്തസ്രാവം ഉണ്ടാകാൻ സാധ്യത വളരെ കൂടുതലാണ്. അങ്ങനെ വല്ലതും സംഭവിക്കുകയാണെങ്കിൽ സ്വയം ചികിത്സിക്കാതെ വിദഗ്ധ ഡോക്ടറുടെ സേവനം തേടുക, പൂർണ്ണ വിശ്രമമെടുക്കുക, ധാരാളം വെള്ളം കുടിക്കുക.

പാത്തുമ്മ : എന്റെ പടച്ചോനേ......

JHI : ഇനിയെങ്കിലും കൊതുകിനെ നശിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടത് അത്യാവശ്യം തന്നെയാണ് പാത്തുമ്മ.

പാത്തുമ്മ : ഇനി ഞമ്മള് ശ്രദ്ധിച്ചോളാം സാറേ. ഇപ്പോഴാണ് എനിക്കും ഇതിൽ വലിയൊരു പങ്കുണ്ടെന്ന് മനസ്സിലായത്.

*(പാത്തുമ്മ ജനങ്ങൾക്ക് നേരെ തിരിയുന്നു)*

പലതവണയായ് സാറും മറ്റു ആരോഗ്യ പ്രവർത്തകരും വരാനിരിക്കുന്ന വലിയൊരു വിപത്ത് മുൻകൂട്ടി പറഞ്ഞു തന്നിട്ടും ഞങ്ങൾ അത് കാര്യമായ് എടുത്തില്ല. അവർ നമുക്ക് വേണ്ടിയാണ് പറഞ്ഞു തരുന്നതെന്നും പ്രവർത്തിക്കുന്നതെന്നും തിരിച്ചറിയാൻ ഞാൻ വളരെ വൈകിപ്പോയി. ഇതോടെ ഞങ്ങൾ ഒരു പാഠം പഠിച്ചു.

കണ്ടാലറിയാത്തവൻ കൊണ്ടാലറിയും.

JHI : ഇങ്ങനെ ഒരു ദുരന്തം നാളെ നിങ്ങൾക്കും ഉണ്ടാകാം. ആരോഗ്യ പ്രവർത്തകർക്കൊപ്പം നിങ്ങളും കൊതുകുജന്യ പകർച്ചപ്പനിക്കെതിരെ പ്രവർത്തിക്കൂ.

പ്രവർത്തിക്കു മാത്രമേ പ്രാധാന്യം ഉള്ളൂ.





* * *

# മഴക്കാല രോഗനിയന്ത്രണം

## <u>റാലി</u>

കള്ളിക്കാട് ഗ്രാപഞ്ചായത്തിന്റേയും പ്രഥമിക ആരോഗ്യ കേന്ദ്രത്തിന്റേയും സംയുക്താഭിമുഖ്യത്തിൽ 'മഴക്കാലരോഗ നിയന്ത്രണം പൊതുജനപങ്കാളിത്തത്തിലൂടെ' എന്ന സന്ദേശത്തിന് പ്രചരണം നല്കുന്നതിനായി 2013 ജൂൺ 5 ന് വൈകുന്നേരം 3 മണിയ്ക്ക് ഒരു റാലി സംഘടിപ്പിക്കുകയുണ്ടായി. റാലിയിൽ വിവിധ പ്ലക്കാർഡുകളിൽ പ്രദർശിപ്പിക്കേണ്ട സന്ദേശങ്ങൾ എഴുതിയതും അവയെ പ്ലക്കാർഡുകളാക്കി മാറ്റിയതും പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സ്കൂളിലെ രണ്ടാം വർഷ ഡി.എച്ച്.ഐ.സി. വിദ്യാർത്ഥികളാണ്. റാലിയുടെ മുന്നിൽ കൊതുകിന്റെ ഉറവിട നിയന്ത്രണ സന്ദേശം പ്രദർശിപ്പിച്ച വാഹനം അലങ്കരിക്കുന്നതിൽ രണ്ടാം വർഷ ഡി.എച്ച്.ഐ.സി. വിദ്യാർത്ഥികൾ ഭാഗമായി. റാലിയിൽ സന്ദേശങ്ങൾ മൈക്കിലൂടെ അനൗൺസ് ചെയ്തതും വിദ്യാർത്ഥികളാണ്.

റാലി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും ആരംഭിച്ച് കള്ളിക്കാട് ജംഗ്ഷനിൽ അവസാനിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ബി.വിനോദ് കുമാർ റാലി ഉദ്ഘാടനം ചെയ്തു. സമാപന സമ്മേളനത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ബി.വിനോദ് കുമാർ, മെഡിക്കൽ ഓഫീസർ-ഇൻ-ചാർജ് ഡോ. എസ്. സഞ്ജീവ്, പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സ്കൂളിലെ കമ്മ്യൂണിക്കേഷൻ ഓഫീസർ ശോഭാ ഗണേഷ്, രണ്ടാം വർഷ ഡി.എച്ച്.ഐ.സി. വിദ്യാർത്ഥിനി ജിജി രാജപ്പൻ.ജി. തുടങ്ങിയവർ സംസാരിച്ചു. യോഗം 5.30 ന് അവസാനിച്ചു.







* * * *

# ‘പനിയോ? ചികിത്സ ഉടനെ’

## പരസ്യം



**രചന, സാക്ഷാത്ക്കാരം :**

സൂരജ്. കെ
ദേവിക മുരളി.ആർ
മുന മനാഫ്
അരുണ്യ രാമചന്ദ്രൻ
ജെസ്ന. എസ്
ഷിജിന. എസ്
അശ്വതി. കെ.എസ്
സൂര്യ. എസ്

Female voice : പനിയോ?

Male voice : എല്ലാ സർക്കാർ ആശുപത്രികളിലും പനി ക്ലിനിക്ക് പ്രവർത്തനമാരംഭിച്ചിരിക്കുന്നു.

Female voice : പനിയുണ്ടെങ്കിൽ ഉടന ചികിത്സ തേടുക

Male voice : ചികിത്സ അടുത്തുള്ള പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ലഭ്യമാണ്.

Female voice : പനി ബാധിതർ പനി ക്ലിനിക്കിൽ ചികിത്സ തേടുക.

Male voice : ശ്രദ്ധിക്കുക. പനി മാരകമായേക്കാം!

Female voice : വീട്ടിലും പരിസരത്തും കൊതുകിന്റെ ഉറവിടങ്ങൾ ഇല്ല എന്ന് ഉറപ്പ് വരുത്തുക.

Male voice : കൊതുക് ഇല്ലെങ്കിൽ ഡെങ്കിപ്പനി, ചിക്കുൻഗുനിയ, മലമ്പനി, മന്ത്, ജപ്പാൻ ജ്വരം ഇവയില്ല.

Female voice : പനിബാധിതർക്ക് വിശ്രമം അനിവാര്യം

Female voice : വെള്ളവും മറ്റു പാനീയങ്ങളും ധാരാളം കുടിയ്ക്കുക.

Female voice : സ്വയം ചികിത്സ ഒഴിവാക്കുക.

Male voice : പനിയുണ്ടെങ്കിൽ ഉടനെ ചികിത്സ തേടുക.



***

# ‘കൊതുകിനെ കൊല്ലുക
# ഉറവിടം നശിപ്പിക്കുക
# രക്ഷ നേടുക’

## ഓട്ടൻതുള്ളൽ



**രചന, സാക്ഷാത്ക്കാരം :**

ദിപിൻ.ആർ
അനിൽ.ജി.എം
ജിഷ്ണു ബാലൻ
വിഷ്ണു ബാലൻ
അജയ്ലാൽ.കെ
അഖിൽകൃഷ്ണൻ.ആർ.പി
ഷഹാസ്.ആർ

*കൊതുകിനെ കൊല്ലുക, ഉറവിടം നശിപ്പിക്കുക, രക്ഷനേടുക എന്ന സന്ദേശത്തിന് പ്രചാരം എന്നതാണ് ഈ ഓട്ടൻതുള്ളലിന്റെ ഇതിവൃത്തം.*

ഓട്ടൻതുള്ളലിൽ പലതും പറയും
അതു കേട്ടാരും ഖേദിക്കരുതേ....
അഥവ ഇത്തിരി ഖേദിച്ചാലും
ഞങ്ങളെ ആരും പെരുമാററുതേ....

ദേഷ്യം വേണ്ടാ ദോഷോം വേണ്ട
വേണേൽ അൽപ്പം ചിന്തിച്ചാലും
വെറുതെ ഇരുന്ന്ചിരിച്ചാൽ പോര...
കൂടെപ്പാടാൻ നിങ്ങളും വേണം

എന്നാലിനിയൊരു കഥയുര ചെയ്യാം
എന്നുടെ ഗുരുവരൻ അരുളിയപോലെ

ഭാരതമെന്നൊരു പാരിൻ നടുവിൽ
കേരളമെന്നൊരു നാടൊണ്ടവിടെ....

മാലിന്യങ്ങളും കൊതുകും വളരുന്ന
കേരളമാണെ.... നമ്മുടെ നാട്
രോഗം വരുത്താൻ ഇവ ഇത് മതിയെ-
നല്ലൊരു നാടത് മുടിഞ്ഞങ്ങുപോകാൻ കാരണം എന്താ
കാരണം എന്താ.... വൈറൽപ്പനിയും ചിക്കുൻ ഗുനിയയും
പനികൾ അങ്ങനെ പലവിധമുണ്ട്....

ഒന്നൊന്നായി മാറി വരുന്ന.....
പനികളിൽ ഒന്ന് അത് ഡെങ്കിപ്പനിയാ....
നാരായണ ജയ, നാരായണ ജയ,
നാരായണ ജയ നാരായണ....

കഷ്ടതയുള്ള നാട്ടിൽ ചിലരിൽ
കുത്തിയ കൊതുകത് ഈഡിസാണെ....

അങ്ങനെ.... എങ്ങനെ .... അങ്ങനെ ....
പരന്നു നാട്ടിൽ എങ്ങും....
ഡെങ്കിപ്പനിയുടെ വിളയാട്ടങ്ങൾ....

മേലിനുവേദന, കണ്ണിനു വേദന, ക്ഷീണം
അങ്ങനെ കൂടിവരുന്നു....

വീടും പണ്ടവും പണയം വെച്ച് ...
ചികിത്സക്കായി ഓടിനടന്നു ....

തെക്കോട്ടോടി വടക്കോട്ടോടി....
കിഴക്കോട്ടോടി .... പടിഞ്ഞാറോട്ടോടി....

രോഗം മാറാൻ എന്തു ചെയ്യും....
ഒരുവിധമങ്ങനെ കരകയറീടും....

എന്നാൽ ഇവനോ പഠിക്കുന്നില്ല
കൊതുകിനെ കൊല്ലുകയല്ലേ പോംവഴി....
കൊതുകിനെ കൊന്നാൽ മാത്രവും പോരാ....
ഉറവിടം തന്നെ നശിപ്പിച്ചീടണം.

എന്നാൽ അങ്ങനെ രക്ഷയും നേടാം
പനിയെ ഒട്ടും പേടിയും വേണ്ട.

പറയണതെന്താ ..... കേൾക്കണതെന്താ
ഇരിക്കണ കണ്ടോ? അന്തം വിട്ട്....
എന്നാലിനിയൊരു കാര്യം പറയാം
സൂക്ഷിച്ചാലത് ദു:ഖിക്കേണ്ട.
നാരായണ ജയ.... നാരായണ ജയ.... നാരായണ ജയ....
നാരായണ ജയ നാരായണ ജയ.... നാരായണ ജയ....
നാരായണ ജയ.... നാരായണ ജയ....

* * *

# പനി സ്പെഷ്യൽ ബുള്ളറ്റിൻ

## ആരോഗ്യ വാർത്തകൾ

***നമസ്കാരം, പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സ്കൂൾ, തിരുവനന്തപുരം***

**വാർത്തകൾ വായിക്കുന്നത്**

**ജിജി രാജപ്പൻ.ജി.**



**വാർത്തകൾ ഒറ്റനോട്ടത്തിൽ**

- മഴക്കാല രോഗ നിയന്ത്രണം ചർച്ച ചെയ്യാൻ ഉന്നതലയോഗം
- പൊതുജന പങ്കാളിത്തം അനിവാര്യം.
- ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ എന്നത് ഒരു ജീവിതരീതിയാക്കണം.
- മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് കള്ളിക്കാട് പഞ്ചായത്തിന് പ്രത്യേക പരാമർശം.

**വാർത്തകൾ വിശദമായി**



ജൂൺ ആദ്യവാരം കേരളത്തിൽ മൺസൂൺ എത്തിയതോടെ മഴക്കാല രോഗങ്ങളായ ഡെങ്കിപ്പനി, എലിപ്പനി, വയറിളക്ക രോഗങ്ങൾ എന്നിവ കൂടുതലായി റിപ്പോർട്ടു ചെയ്യപ്പെടുന്നു. ഡെങ്കിപ്പനി കൊതുകടിയിലൂടെയും എലിപ്പനി എലി മൂത്രത്തിൽ മലിനമാക്കപ്പെട്ട വെള്ളവുമായി സമ്പർക്കമുണ്ടാകുമ്പോഴും വയറിളക്ക രോഗങ്ങൾ മലിനവെള്ളം കുടിക്കുകയോ മലിനമായ ഭക്ഷണം കഴിക്കുകയോ ചെയ്യുമ്പോഴുമാണ് പകരുന്നത്.

രോഗനിയന്ത്രണ ചർച്ചകൾക്കായി ആരോഗ്യ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇന്ന് വൈകുന്നേരം 6 മണിക്ക് ഒരു ഉന്നതലയോഗം വിളിച്ചു ചേർക്കുന്നുണ്ട്. യോഗത്തിൽ ആരോഗ്യവകുപ്പ് സെക്രട്ടറി, ഡയറക്ടർ തുടങ്ങിയവരോടൊപ്പം ഇതര വകുപ്പു സെക്രട്ടറിമാരും ഡയറക്ടർമാരും പങ്കെടുക്കും.

ഇന്ന് രോഗങ്ങൾ കൂടുതലായി റിപ്പോർട്ടു ചെയ്യപ്പെടുന്നതിനു കാരണം നാം പരിസര ശുചിത്വത്തിൽ കാണിക്കുന്ന ഉദാസീനതയാണെന്നും പൊതുജനപങ്കാളിത്തം ഈ രോഗങ്ങളെ നിയന്ത്രിക്കാൻ അനിവാര്യമാണെന്നും ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ.പി.കെ. ജമീല അഭിപ്രായപ്പെട്ടു. പരിസര ശുചിത്വം ശീലമാക്കുന്ന തലമുറയാണ് നമുക്ക് വേണ്ടത്. ഒന്നാം ക്ലാസിലെ പാഠപുസ്തകത്തിൽ അ-അമ്മ എന്നും പ-പശു എന്നും പഠിപ്പിക്കുന്നതുപോലെ പ-പരിസരം, ശ-ശുചിത്വം എന്നും കുഞ്ഞുങ്ങളെ തുടക്കം മുതലേ പഠിപ്പിക്കണമെന്നും വിദ്യാഭ്യാസ വിചക്ഷണൻ ശ്രീ. കൊമ്പത്ത് ശിവദാസൻ അഭിപ്രായപ്പെട്ടു.

കൊതുകു മുട്ടയിട്ടു പൂർണ വളർച്ചയെത്താൻ ഒരാഴ്ച കാലയളവ് എടുക്കുന്നതിനാൽ ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആചരിച്ച് ഉറവിട നശീകരണം നടത്തണം.

കേരളത്തിൽ ഏറ്റവും കുറവ് മഴക്കാല രോഗങ്ങൾ റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നത് തിരുവനന്തപുരത്തെ കള്ളിക്കാട് പഞ്ചായത്തിൽ നിന്നാണ്. പഞ്ചായത്തും പ്രാഥമികാരോഗ്യ കേന്ദ്രവും റസിഡന്റ്സ് അസോസിയേഷനും പൊതുജനങ്ങളും വിദ്യാർത്ഥികളും ഒറ്റക്കെട്ടായി മഴക്കാല രോഗങ്ങളെ തടയാനുള്ള ശക്തമായ മഴക്കാല പൂർവ്വ ശുചീകരണമാണ് ഇതിനു പിന്നിൽ എന്ന് ഡോ. സഞ്ജീവ് കള്ളിക്കാട് (ന്യൂ), നെയ്യാർഡാം മെഡിക്കൽ ഓഫീസർ ഇൻ-ചാർജ് വിശദീകരിച്ചു.

**വാർത്തകൾ ചുരുക്കത്തിൽ**

- മഴക്കാല രോഗ നിയന്ത്രണം ചർച്ച ചെയ്യാൻ ഉന്നതലയോഗം
- പൊതുജന പങ്കാളിത്തം അനിവാര്യം.
- ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ എന്നത് ഒരു ജീവിതരീതിയാക്കണം.
- മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് കള്ളിക്കാട് പഞ്ചായത്തിന് പ്രത്യേക പരാമർശം.

**വാർത്തകൾ അവസാനിച്ചു**

**പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സ്കൂളിൽ നിന്നുള്ള അടുത്ത വാർത്തകൾ അടുത്തവർഷം ഇതേ ദിവസം ഇതേ സമയം.**



* * * *

# മഴക്കാല രോഗങ്ങളെക്കുറിച്ചുള്ള അറിവും മനോഭാവവും പ്രവൃത്തിയും വിലയിരുത്താനുള്ള ചോദ്യാവലി

## വിലയിരുത്തപ്പെടുന്ന വ്യക്തിയെക്കുറിച്ചുള്ള വിവരങ്ങൾ

പേര് :

വയസ് :

വിദ്യാഭ്യാസ യോഗ്യത :

ജോലി / തൊഴിൽ / വിദ്യാർത്ഥി :

വിലാസം :

ഫോൺ നമ്പർ :

കൂടുതൽ വിവരങ്ങൾ

## അറിവ്, മനോഭാവം, പ്രവൃത്തി എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ

ശരിയുത്തരത്തിന് (✓) അടയാളം രേഖപ്പെടുത്തുക

1. ................... ഒരു കൊതുജന്യം രോഗമാണ്

   (ഡെങ്കിപ്പനി / ചിക്കുൻഗുനിയ / മലമ്പനി / എല്ലാം)

2. ഡെങ്കിപ്പനി പരത്തുന്ന കൊതുകുകൾ കടിക്കുന്നത് ................... സമയത്താണ്

   (പകൽ / അതരാവിലെ 4 മണിയ്ക്ക് മുമ്പ് / രാത്രി / ഏതു സമയത്തും)

2. എലിപ്പനി പകരുന്നത് ...................

   (രോഗാണു ബാധയുള്ള എലിമൂത്രത്താൽ മലിനമാക്കപ്പെട്ട വെള്ളത്തിലൂടെ / കൊതുകു കടിയിലൂടെ / എലി കടിക്കുന്നതിലൂടെ / ഈച്ച മലിനമാക്കുന്ന ഭക്ഷണത്തിലൂടെ)

4. മലിനമാക്കപ്പെട്ട വെള്ളത്തിലൂടെയും ഭക്ഷണത്തിലൂടെയും പകരുന്ന ഒരു രോഗം

   (ജലദോഷപ്പനി / ഡെങ്കിപ്പനി / വയറിളക്കം / മലമ്പനി)

5. മരണംവരെ സംഭവിക്കാവുന്ന രോഗം

   (ഡെങ്കിപ്പനി / കോളറ / വയറിളക്കം / എല്ലാം)

6. നിർജ്ജലീകരണം എന്നാൽ എന്ത്?

   (കുടിക്കാൻ വെള്ളം കിട്ടാത്ത അവസ്ഥ / വയറിളക്കരോഗിയുടെ ശരീരത്തിൽ നിന്നും വെള്ളം നഷ്ടപ്പെട്ട് മരണം വരെ എത്തുന്ന അവസ്ഥ / കടുത്ത വേനൽ / ഒരു നിസ്സാരമായ രോഗലക്ഷണം)

7. പരിസര ശുചിത്വം പാലിക്കുന്നതിനോടുള്ള മനോഭാവം ...................

   (നല്ലത് / ആവശ്യമില്ല / എന്തായാലും തരക്കേടില്ല / അറിയില്ല)

8. പരിസര ശുചിത്വം പാലിക്കാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുന്നത് ...................

(നല്ലത് / ആവശ്യമില്ല / എന്തായാലും തരക്കേടില്ല / അറിയില്ല)

9. രോഗം പിടിപെടുന്നതിനെക്കാൾ ചുറ്റുപാട് വൃത്തിയാക്കി രോഗം തടയുന്നത് ...................

(നല്ലതാണ് / ആവശ്യമില്ല / ശ്രദ്ധിക്കേണ്ട ആവശ്യമില്ല / അറിയില്ല)

10. മഴക്കാലരോഗങ്ങളെ തടയാൻ അവലംബിക്കേണ്ടത് ...............

(വ്യക്തി ശുചിത്വം / ഭക്ഷണ ശുചിത്വം / പരിസര ശുചിത്വം / എല്ലാം)

11. കൊതുകുജന്യ രോഗങ്ങളെ തടയാൻ നിങ്ങൾ ചെയ്യേണ്ടത് ...................

(കൊതുകിന്റെ ഉറവിട നശീകരണം / ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ അഥവാ ഉണക്കു ദിവസം ആചരിക്കൽ / കൊതുകു വളരാൻ സാദ്ധ്യതയില്ലാത്ത തരത്തിലുള്ള ശുചിത്വ പരി പാലനം / എല്ലാം.)

12. നാം പരിസര ശുചിത്വം പാലിച്ചില്ലെങ്കിൽ സംഭവിക്കാവുന്നത് ...................

(വീടിനുള്ളിലുള്ളവർക്ക് രോഗ ബാധ / നമുക്കു ചുറ്റുപാടുമുള്ളവർക്ക് രോഗ ബാധ / ഒരു രോഗവും ബാധിക്കില്ല / ആദ്യത്തെ രണ്ടും)

13. എന്താണ് കൊതുകിന്റെ ഉറവിട നശീകരണം വിശദീകരിക്കുക.

തയ്യാറാക്കിയത് :

**ആൻസി സാഹർ, ചിന്നു.എസ്. രാജ്, റഹീല ബീഗം**



* * * *

# <u>സർട്ടിഫിക്കറ്റ്</u>

ഫീൽഡ് വർക്കിന്റെ ഭാഗമായി കള്ളിക്കാട്ടിലെ വിവിധ സ്കൂളുകളിലും കുടുംബശ്രീ പ്രവർത്തക രുടെ യോഗത്തിലും പൊതു സമ്മേളനത്തിലും മഴക്കാല രോഗനിയന്ത്രണ പരിപാടിയുടെ ഭാഗ മായി നടത്തിയ ആരോഗ്യ വിദ്യാഭ്യാസ പരിപാടിയിൽ പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സ്കൂളിലെ രണ്ടാം വർഷ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ (2011–2013 ബാച്ച്) കോഴ്സ് വിദ്യാർത്ഥികൾ കാഴ്ച വച്ച പ്രകടനത്തിന്റെ അംഗീകാരമായി കള്ളിക്കാട് (ന്യൂ) നെയ്യാർഡാം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ-ഇൻ-ചാർജ് എല്ലാ കുട്ടികൾക്കും സർട്ടി ഫിക്കറ്റ് നല്കുകയുണ്ടായി. അതിന്റെ പകർപ്പ് ചുവടെ  ചേർക്കുന്നു


CERTIFICATE

* * * *

# പുസ്തക സമർപ്പണം

'മഴക്കാല രോഗ നിയന്ത്രണം, വിവിധ ആരോഗ്യ വിദ്യാഭ്യാസ രീതികളിലൂടെ' എന്ന ഈ പുസ്തകം ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന ഏവർക്കുമായി സമർപ്പിക്കുന്നത് പബ്ളിക് ഹെൽത്ത് ട്രെയിനിംഗ് സ്കൂളിലെ രണ്ടാം വർഷ ഡി.എച്ച്.ഐ.സി (2011–'13 ബാച്ച്) വിദ്യാർത്ഥികൾ.

1. അജയ് ലാൽ.കെ
2. അഖിൽ കൃഷ്ണൻ ആർ.പി
3. അമൃത .എസ്.വിജയൻ
4. ആൻസി സാഹർ
5. അനിൽ ജി.എം
6. അരുണ്യ രാമചന്ദ്രൻ
7. ആര്യ സേനൻ ഡി.ബി
8. ആശ.എസ്
9. അശ്വതി.കെ.എസ്
10. അശ്വതി.ആർ.ഒ
11. ചിന്നു.എസ്.രാജ്
12. ചിപ്പി.എസ്
13. ദേവിക മുരളി.ആർ
14. ദിപിൻ.ആർ
15. ജസ്ന.എസ്
16. ജിജി രാജപ്പൻ.ജി
17. ജിഷ്ണു ബാലൻ
18. ജിതീ ദേവി എ.കെ
19. ലിജി.എസ്.എം
20. മുനാ മനാഫ്
21. റഹീല ബീഗം
22. രമ്യ ഭാസ്കർ
23. രഷ്മിത.ആർ
24. സമീന.റ്റി
25. ഷഹാസ്.ആർ
26. ഷിജിന.എസ്
27. സൂര്യ.എസ്
28. സൂരജ്.കെ
29. ശ്രുതി സുരേന്ദ്രൻ.എസ്
30. വിഷ്ണു ബാലൻ.

## പ്രസിദ്ധീകരണ ചെലവ്

ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണ ചെലവ് വഹിച്ചിരിക്കുന്നത് പബ്ളിക് ഹെൽത്ത് ട്രെയിനിംഗ് സ്കൂളിലെ പ്രിൻസിപ്പാളും അദ്ധ്യാപകരുമാണ്.

* * * *
* *
*